**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിത്ത് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അപൂർവ്വയിനം നാടൻ വിത്തുകളുടെയും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറികളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | അപൂർവയിനം നാടൻ പരമ്പരാഗത വിത്തുകൾ കാർഷിക സർവകലാശാലയുടെ വിത്ത് ബാങ്കിൽ സംരക്ഷിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിന്. ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ 26.10.2024 ലെ സ.ഉ(കൈ) നം. 102/2023 AGRI ഉത്തരവു പ്രകാരം ജൈവ കാർഷിക മിഷൻ സംസ്ഥാന സർക്കാർ രൂപീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ - പ്രവർത്തന മാർഗ്ഗരേഖ - സർക്കാർ അംഗീകരിക്കുകയും സംസ്ഥാന കൃഷി വകുപ്പ് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ജൈവ കൃഷി വ്യാപകമാക്കുന്നതിനും ജൈവ സർട്ടിഫിക്കേഷൻ നേടിയ വിളകളുടെ സംരംക്ഷണത്തിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് "**ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും**". ടി പദ്ധതിക്ക് കീഴിൽ FARM SCOPE പ്രകാരം തോട്ടങ്ങൾക്ക്- ജൈവ സർട്ടിഫിക്കേഷൻ നൽകി വരികയും, ഇത് മുഖേന തോട്ടങ്ങളിലെ പച്ചക്കറികൾ ഉൾപ്പെടെ മറ്റു കാർഷിക വിളകളും ജൈവ രീതിയിൽ സംരക്ഷിക്കപ്പെട്ടു വരുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക-വർഷത്തിൽ 362.10524 ഹെക്ടറിലെ കർഷകർക്ക് NPOP സർട്ടിഫിക്കേഷൻ നൽകാൻ സാധിച്ചു. NPOP/PGS സർട്ടിഫിക്കറ്റ് ലഭിച്ച കൃഷിയിടത്തിലെ ഉല്പന്നങ്ങൾ സർട്ടിഫിക്കേഷനോടു കൂടി വില്പന നടത്തുന്നതിലേയ്ക്കായി ഫാം സ്കോപ്പ് സർട്ടിഫിക്കേഷൻ കൂടാതെ ട്രെയ്ഡ് സ്കോപ്പ് സർട്ടിഫിക്കറ്റും, മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രോസസ്സിംഗ് സ്കോപ്പ് |

| | | | |
|---|---|---|---|
| | | | (വാല്യൂ അഡിഷൻ സ്കോപ്പ്) സർട്ടിഫിക്കറ്റും നൽകുന്നതിന് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം ഇങ്ങനെ സർട്ടിഫൈ ചെയ്ത് ലേബൽ ചെയ്ത് വിപണിയിൽ 100 ഉല്പന്നങ്ങൾ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ₹150.00 ലക്ഷം രൂപ ടി പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. ജൈവ ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കുന്നതിന് ₹75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജൈവ സാക്ഷ്യ പത്രം ലഭിച്ച ഉല്പന്നങ്ങൾക്ക് 10% പ്രൈസ് ഇൻസെൻറീവ് നൽകുന്നതിന് ₹100.00 ലക്ഷം രൂപ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള വിത്ത് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനായി കാർഷിക സർവകലാശാലയിൽ ഒരു വിത്ത് ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. ഈ വിത്ത് ബാങ്കിൽ ഏകദേശം 1074 നെൽ വിത്തിനങ്ങളും ഏകദേശം 100 പയറുവർഗങ്ങളും 70 ഓളം കിഴങ്ങ് വർഗ്ഗങ്ങളും 60 ഓളം പച്ചക്കറി വിത്തുകളും സംരക്ഷിച്ചു വരുന്നുണ്ട്. |
| (സി) | എങ്കിൽ ഇതിനായുള്ള നടപടിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനായി കാർഷിക സർവകലാശാലയിൽ ഒരു വിത്ത് ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. ഈ വിത്ത് ബാങ്കിൽ ഏകദേശം 1074 നെൽ വിത്തിനങ്ങളും ഏകദേശം 100 പയറുവർഗങ്ങളും 70 ഓളം കിഴങ്ങ് വർഗ്ഗങ്ങളും 60 ഓളം പച്ചക്കറി വിത്തുകളും സംരക്ഷിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ